**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6146** — **04.07.2019-ൽ മറുപടിയ്ക്ക്**

**ട്രോളിംഗ് നിരോധന മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സഹായങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. ദാസൻ :** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | ട്രോളിംഗ് നിരോധനം നിലവിൽ വരുന്ന മാസങ്ങളിൽ ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സഹായങ്ങൾ നൽകുന്നതിനായി ഫിഷറീസ് വകുപ്പ് നടത്തിയ മുന്നൊരുക്കങ്ങളെന്തെല്ലാം പൂർത്തിയായെന്ന് വിശദമാക്കാമോ? | (എ) | ട്രോളിംഗ് നിരോധന സമയത്ത് (പഞ്ഞമാസക്കാലം) മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമേകത്തക്കവിധം സമ്പാദ്യ സമാശ്വാസ പദ്ധതി 2700/ രൂപയിൽ നിന്ന് 4500/ രൂപയായി വർദ്ധിപ്പിക്കുകയും അത് 3 ഗഡുക്കളായി മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ വിതരണം ചെയ്യുകയും ചെയ്തു വരുന്നു. ഈ വർഷം മെയ് മാസത്തിലെ ആനുകൂല്യം വിതരണം ചെയ്തു. ജൂൺ മാസത്തിലെ ആനുകൂല്യം വിതരണം ചെയ്തു വരുന്നു. കൂടാതെ തണൽ പദ്ധതി പ്രകാരം വർഷം 1350/ രൂപ വീതം മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നൽകി വരുന്നുണ്ട്. കൂടാതെ ട്രോൾബാൻ കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും സൗജന്യറേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**